ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: സർ, ഈ മന്ത്രിസഭയിലെ പല അംഗങ്ങളും ഇക്കാര്യത്തിൽ പല പ്രസ്താവനകളിലൂടെയും ജനങ്ങൾക്ക് പ്രതീക്ഷ നൽകിയിട്ടുണ്ട്. അതുകൊണ്ട് ക്യാബിനറ്റ് സബ് കമ്മിറ്റി കൂടി ഈ എഗ്രിമെന്റ് ഒന്ന് റീ-കാസ്റ്റ് ചെയ്യാനും ടോൾ നിരക്ക് കുറയ്ക്കാനും ജനങ്ങളുടെ ഭാരം കുറയ്ക്കാനും ശ്രമം നടത്തുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അതിനുള്ള മറുപടി പറഞ്ഞുകഴിഞ്ഞു. എ.എൽ.എ. എന്നുള്ള നിലയ്ക്ക് ഇവിടെ അവതരിപ്പിക്കാൻ ബാദ്ധ്യതയുണ്ട്. സർക്കാരിന്റെ കാര്യങ്ങൾ വ്യക്തമാക്കാൻ സർക്കാരിനും ബാദ്ധ്യതയുണ്ട്.

ശ്രീ. എം. കെ. മുനീർ: ഈ കാര്യം മുഖ്യമന്ത്രിയോട് പറഞ്ഞിട്ടുണ്ട്.

## III. സബ്മിഷൻ

(1) വാമനപുരം-ചിറ്റാർ റോഡിലെ മൈലമൂട് പാലത്തിന്റെ നിർമ്മാണം

ശ്രീ. പിരപ്പൻകോട് മുരളി: സർ, പാലോട് വാമനപുരം റോഡിൽ ചിറ്റാറിന് കുറുകേ മൈലമൂട്ടിൽ നിർമ്മിക്കുന്ന പാലത്തിന്റെ പണി കഴിഞ്ഞ ഏതാനും മാസമായി പൂർണ്ണമായ സ്തംഭനാവസ്ഥയിലാണ്. 1940-ൽ കല്ലറ-പാങ്ങോട് പ്രക്ഷോഭം അടിച്ചമർത്താൻ സർ സി.പി. ഉണ്ടാക്കിയ തടിപ്പാലം പൊളിച്ചാണ് സ്ഥിരം കോൺക്രീറ്റ് പാലത്തിന് 2000 ഒക്ടോബറിൽ പണി ആരംഭിച്ചത്. നിർഭാഗ്യവശാൽ ആ പണി വളരെ സ്ലോ ആയിരുന്നു. ചെറിയ പാലമാണ്, രണ്ട് സ്പാൻ മാത്രമേയുള്ളൂ. കഴിഞ്ഞ ഒക്ടോബർ മാസത്തിൽ വളരെ പ്രതികൂലമായ പേമാരി ഉണ്ടാകുകയും നദി ഗതി മാറി ഒഴുകുകയും ചെയ്യുകയാണ്. ഇപ്പോൾ പാലം ഒരിടത്തും നദി മറ്റൊരിടത്തുമാണ്. എൽ.ബി.എസ്. അതിന്റെ സ്റ്റഡി നടത്തിയിട്ടുണ്ട്. ഇക്ബാൽ കോളേജ്, മാന്നാനിയ കോളേജ് എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സ്ഥലത്തെ ആ റോഡ് വളരെ ഗതാഗത തിരക്കുള്ള റോഡാണ്. ആ പാലം പൂർത്തിയാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): വാമനപുരം നിയോജകമണ്ഡലത്തിലെ ചിറ്റാറിന് കുറുകെയുള്ള മൈലമൂട് പാലം നിർമ്മാണത്തിന് 89 ലക്ഷം രൂപയുടെ ഭരണാനുമതിയും അതുപോലെ 69 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി. പാലത്തിന്റെ നിർമ്മാണച്ചുമതല പാലനാട്ടിൽ കൺസ്ട്രക്ഷൻ കമ്പനിയാണ് ഏറ്റെടുത്തിരിക്കുന്നത്. 18-9-2000-ലെ എഗ്രിമെന്റ് വ്യവസ്ഥപ്രകാരം ഒരു വർഷം കൊണ്ട് നിർമ്മാണം പൂർത്തിയാക്കണമെന്നായിരുന്നു. പിന്നീട് കാലാവധി 2003 വരെ ദീർഘിപ്പിച്ച് നൽകുകയുണ്ടായി. എന്നാൽ ഭാഗികമായിട്ട് മാത്രമേ പണി നടന്നിട്ടുള്ളൂ. പണി സമയബന്ധിതമായി പൂർത്തിയാക്കാൻ ഈ കരാറുകാരനെക്കൊണ്ട് സാധിക്കില്ല എന്ന് ബോദ്ധ്യം വന്നതിനാൽ കോൺട്രാക്ട് അവസാനിപ്പിച്ചു മറ്റൊരാളെക്കൊണ്ട് ചെയ്യിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(2) സർക്കാർ ഓഫീസുകളിലെ സീലുകളുടെ കാലപ്പഴക്കം

ശ്രീ. തമ്പാനൂർ രവി: സർ, കേരളത്തിലെ വിവിധ സർക്കാർ ഓഫീസുകളിൽ നിലവിൽ ഉപയോഗത്തിലിരിക്കുന്ന ഓഫീസ് സീലുകൾ കാലപ്പഴക്കംമൂലം ഒട്ടുംതന്നെ തെളിയാതിരിക്കുകയാണ്. ഇതുമൂലം ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സുപ്രധാനമായ സർട്ടിഫിക്കറ്റുകൾ, അത് സ്വീകരിക്കുന്ന അധികാരികൾ സംശയത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ ചൂണ്ടിക്കാണിക്കുകയാണ്. പ്രധാന ഓഫീസുകളിൽ ഉപയോഗിക്കുന്ന മെറ്റൽ സീലുകൾക്ക് തേയ്മാനം സംഭവിച്ചതുകൊണ്ടും ശരിയായ മഷിയും അനുയോജ്യമായ ബോർഡും ഉപയോഗിക്കാത്തതുകൊണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത് പരിഹരിക്കാൻ പ്രധാനപ്പെട്ട പല ഓഫീസുകൾക്കും പുതിയ സീലും മഷിയും ബോർഡും നൽകുവാൻ സ്റ്റേഷനറി കൺട്രോളർക്ക് നിർദ്ദേശം നൽകുവാനും സീലുകൾ നന്നായി പരിശോധിക്കണം എന്ന നിർദ്ദേശം എല്ലാ ബന്ധപ്പെട്ട ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റിനും നൽകുവാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ സീലും പുതിയ ബോർഡുകളും എല്ലാം നൽകാൻ ഗവൺമെന്റ് നിർദ്ദേശം നൽകുന്നതാണ്.

(3) കരിങ്കൽ ക്വാറികളുടെ നടത്തിപ്പിൽ വിവിധ വകുപ്പുകളുടെ അന്യായമായ ഇടപെടൽ

ശ്രീ. സാജു പോൾ: സർ, നമ്മുടെ വികസന രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന ആയിരക്കണക്കിന് കരിങ്കൽ ക്വാറികളിലെ രണ്ടുലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയിൽ കൃത്യമായ നിബന്ധനകൾ ഇല്ലാത്തതുമൂലം റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി തുടങ്ങിയ വകുപ്പുകൾ ഈ മേഖലയെ വലിയ കറവപ്പശുവാക്കി മാറ്റിയിരിക്കുകയാണ്. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്യാൻ പ്രധാനമന്ത്രി വരുന്നു എന്നു പറഞ്ഞ് പാറമടകളിലെ പണി നിർത്തി വയ്പ്പിച്ചു. അതുപോലെ എല്ലാ ഉത്സവങ്ങൾക്കും പെരുന്നാളുകൾക്കും വലിയ പിരിവാണ്. പോലീസ് ഓഫീസർമാർ ഇപ്പോൾ പാറമടകൾ തേടിയിറങ്ങുകയാണ്. അതുകൊണ്ട് ഉദ്യോഗസ്ഥപീഡനം ഇല്ലാത്ത നിലയിൽ ലളിതമായ വ്യവസ്ഥകളോടെ ക്വാറികൾക്ക് ലൈസൻസ് നൽകാനും വളരെ അപകടം പിടിച്ച ഈ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ കൂലിയും സുരക്ഷിതത്വ സംവിധാനങ്ങളും ഏർപ്പെടുത്തുവാനും നടപടി സ്വീകരിക്കണമെന്ന് ഞാൻ വളരെ വിനീതമായി അപേക്ഷിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): വളരെ അപകടം പിടിച്ച ഒരു പണി തന്നെയാണിത്. അപ്പോൾ ഈ മേഖലയെ അനിയന്ത്രിതമായി വിട്ടാൽ അവർക്ക് തന്നെ ചില അപകടങ്ങൾ വരും. ചില നിയന്ത്രണങ്ങളൊക്കെ ആവശ്യമാണ്. പക്ഷേ ഈ പറഞ്ഞ രീതിയിൽ high-handedness വരാതിരിക്കാൻവേണ്ടിയുള്ള നടപടി ഗവൺമെന്റ് എടുക്കാം.

(4) വർക്കല ടൂറിസം മാസ്റ്റർ പ്ലാനിന് ഭരണാനുമതി നൽകണമെന്ന ആവശ്യം

ശ്രീ. വർക്കല കഹാർ: സർ, ലോകത്തിലെ 10 പറുദീസകളിൽ ഒന്നാണ് കേരളം എന്നാണ് നാഷണൽ ജിയോഗ്രഫിക്കൽ ട്രാവലർ കേരളത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. കേരളം പറുദീസയാണെങ്കിൽ വർക്കല അതിന്റെ പൂന്തോട്ടമാണ്. കന്യകത്വം നിറഞ്ഞു നിൽക്കുന്ന മനോഹരമായ കടൽത്തീരവും കായൽത്തീരവും ഇളം ചുവപ്പു നിറത്തിലുള്ള പട്ടുടയാട ചുടിപ്പുതച്ച് തലയുയർത്തി നിൽക്കുന്ന പാപനാശം കുന്നുകളും ഔഷധവീര്യമുള്ള ജലസ്രോതസ്സുകളും പുണ്യതീർത്ഥങ്ങളും കണ്വമുനി തപസ്സിരുന്നുവെന്ന് കരുതപ്പെടുന്ന കണ്വാശ്രമവും പൗരാണിക സാങ്കേതികവിദ്യ വിസ്മയമായി കരുതപ്പെടുന്ന തുരങ്കങ്ങളും വർക്കലയ്ക്കുതുല്യം വർക്കല മാത്രമാണെന്ന് കരുതപ്പെടാൻ കാരണങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly